ഉണ്ടോയെന്നു സംശയമാണ്. തിരുവിതാംകൂർ നിയമസഭ, തിരുവിതാംകൂർ–കൊച്ചി നിയമസഭ, കേരള നിയമസഭ എന്നിങ്ങനെ നമ്മുടെ ജനാധിപത്യസഭയുടെ എല്ലാ രൂപപരിണാമങ്ങളെയും വികാസത്തെയും നേരിൽ കാണുകയും ജനങ്ങളിലെത്തിക്കുകയും ചെയ്ത സെബാസ്റ്റ്യൻ നിയമസഭയിൽ അംഗമായിരുന്നില്ലെങ്കിലും നിയമസഭയുടെ ഒരു അവിഭാജ്യഘടകമായിരുന്നുവെന്ന് വിശേഷിപ്പിക്കാം. ശ്ലീഘമായ പ്രതികരണശേഷിയോടും സൂക്ഷ്മമായ നിരീക്ഷണപാടവത്തോടും അദ്ദേഹം നടത്തിയിരുന്ന നിയമസഭാവലോകനങ്ങൾ ഏതൊരു വായനക്കാരനേയും വിജ്ഞാനത്തിന്റെ പുതിയ സരണികളിലേയ്ക്ക് നയിക്കുവാൻ പര്യാപ്തമായിരുന്നു. നമ്മുടെ ഭാഷയിൽ ''രാഷ്ട്രീയ-പത്രപ്രവർത്തനം'' എന്നൊരു പുതിയ പത്രപ്രവർത്തന ശൈലി തന്നെ വാർത്തെടുക്കുവാൻ ശ്രീ. സെബാസ്റ്റ്യന് കഴിഞ്ഞു. കേരളത്തിലെ പത്രപ്രവർത്തക യൂണിയന്റെ ആദ്യകാല പ്രവർത്തകനായും തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിന്റെ സംഘാടകനായും സെക്രട്ടറിയായും ട്രഷററായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദീർഘകാലം നിയമസഭാ റിപ്പോർട്ടിംഗ് നിർവ്വഹിച്ചിരുന്ന അദ്ദേഹം നിയമസഭയുടെ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണികയ്ക്ക് ''ഒറനോട്ടത്തിൽ—കേരള സംസ്ഥാന നിയമസഭ അന്നും ഇന്നും'' എന്നൊരു ശ്രദ്ധേയമായ ലേഖനം സംഭാവന ചെയ്തിട്ടുണ്ട്. കേരള നിയമസഭയുടെ ഇരുപത്തിയഞ്ചു കൊല്ലത്തെ പ്രവർത്തനം ഒരു സ്വതന്ത്രനായ പത്രപ്രവർത്തകന്റെ ദൃഷ്ടിയിൽ വിലയിരുത്തുകയാണ് അദ്ദേഹം ആ ലേഖനത്തിൽ ചെയ്തിട്ടുള്ളത്.

1979–ൽ ശ്രീ. സെബാസ്റ്റ്യൻ കേരളത്തിൽ നിന്നും രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1985 വരെ രാജ്യസഭാംഗമായിത്തുടർന്ന അദ്ദേഹം പ്രശംസനീയമായ രീതിയിൽ ആ രംഗത്ത് സേവനമനുഷ്ഠിച്ചു. രാജ്യസഭാംഗമായിരിക്കുമ്പോഴുള്ള തന്റെ അനുഭവങ്ങളും സ്മരണകളും ''യാത്രയ്ക്കിടയിൽ'' എന്ന ഒരു പംക്തിയിൽക്കൂടി അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യന്റെ നിര്യാണം മൂലം സ്നേഹധനനായ ഒരു സുഹൃത്തിനേയും പ്രതിഭാശാലിയായ ഒരു പത്രപ്രവർത്തകനേയും സർവ്വോപരി ഉന്നതനായ ഒരു സാമൂഹ്യസേവകനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

പരേതനോടുള്ള ബഹുമാനസൂചകമായി നമുക്ക് അൽപ്പനേരം എഴുന്നേറ്റു നിൽക്കാം.

(പരേതനോടുള്ള ബഹുമാന സൂചകമായി സഭ അൽപ്പനേരം എഴുന്നേറ്റു നിന്നു.)

III. സ്പീക്കറുടെ അറിയിപ്പ്

ചരമോപചാരം അർപ്പിക്കുന്നതിനെ സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നലെ ബിസിനസ് അഡ്വൈസറി കമ്മിറ്റി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങളും, മുൻപാർലമെന്റംഗങ്ങളും, മലബാർ പ്രദേശത്തുനിന്നും മദിരാശിനിയമസഭയിലും കൗൺസിലിലും അംഗങ്ങളായിരുന്നവർ, എന്നിവരുടെ നിര്യാണവേളയിൽ ചരമോപചാരം അർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു പുതിയ കീഴ്വഴക്കം നമ്മൾ അതുവഴി ഉണ്ടാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly